LIBRARY ARCHIVES Kerala Legislative Assembly

മഴവെള്ള സംഭരണികൾ

201 (909) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാലയങ്ങളിലും പൊതുസ്ഥാപനങ്ങളിലും മഴവെള്ള സംഭരണികൾ നിർമ്മിക്കുന്നതിന് പദ്ധതി രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ നൽകുമോ ;

(സി) ആരെല്ലാമാണ് ഈ പദ്ധതിയുമായി സഹകരിക്കുന്നത്; വിശദമാക്കുമോ ;

(ഡി) വരൾച്ച പ്രതിരോധിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1. മഴവെള്ളം ശേഖരിച്ച് ഉപയോഗിക്കുന്ന ശീലം കുട്ടികളിൽ വളർത്തുക.

2. കുടിവെള്ള ക്ഷാമം നേരിടുന്ന സ്കൂളുകൾക്ക് പ്രശ്നം പരിഹരിക്കുന്നതിന്റെ ഭാഗമായി മഴവെള്ള സംഭരണികൾ നിർമ്മിച്ച് നൽകുക.

3. വിദ്യാലയങ്ങളിലും പൊതുസ്ഥാപനങ്ങളിലും നിർമ്മിച്ചു നൽകുന്ന മഴവെള്ള സംഭരണികൾ മാതൃകായൂണിറ്റുകളായി നിൽക്കുന്നത് മഴവെള്ള സംഭരണവും ഉപയോഗവും എന്ന ആശയം പ്രചരിപ്പിക്കുന്നതിന് പ്രയോജനപ്പെടുന്നു.

4. മഴവെള്ള സംഭരണികളിൽനിന്നും നിറഞ്ഞുകവിഞ്ഞ് ഒഴുകുന്ന മഴവെള്ളം അടുത്തുള്ള കിണറിലേക്കോ, ഭൂമിയിലേയ്ക്കോ കടത്തിവിടുന്ന പക്ഷം ഭൂഗർഭ ജലത്തിന്റെ അളവ് വർദ്ധിപ്പിക്കുവാൻ സാധിക്കുന്നു.

5. ലളിതമായ സാങ്കേതിക വിദ്യയിലൂടെ ആവർത്തന ചെലവില്ലാതെ മഴവെള്ളം സംഭരിച്ച് ഉപയോഗിക്കുവാൻ സാധിക്കുന്നു.

6. വൈദ്യുതി ഉപയോഗം കൂടാതെയുള്ള പദ്ധതിയാണ് മഴവെള്ള സംഭരണം.

7. മഴ ലഭിക്കുന്ന എല്ലാ അവസരങ്ങളിലും മഴവെള്ളം ശേഖരിച്ച് ഉപയോഗിക്കാവുന്നതാണ്. ആയതിനാൽ സ്രോതസ്സുകളിലെ ജലത്തിന്റെ ഉപയോഗം കുറയ്ക്കുകയും അത് സംരക്ഷിക്കുകയും ചെയ്യാവുന്നതാണ്.

(സി) വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ചാണ് വിദ്യാലയങ്ങളിലെ മഴവെള്ള സംഭരണികൾ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നത്. ഗ്രാമപഞ്ചായത്തുകളിൽ ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന മഴവെള്ള സംഭരണ പരിപാടി ഈ മേഖലയിൽ പരിചയ സമ്പന്നരായ സന്നദ്ധ സംഘടനകളുടെ സഹായത്തോടെയാണ് നടപ്പിലാക്കിവരുന്നത്.

(ഡി) 2014-15 വർഷത്തെ സ്റ്റേറ്റ് പ്ലാൻ പദ്ധതിയിൽ വരൾച്ചയെ പ്രതിരോധിക്കുന്നതിന് ഉൾപ്പെടുത്തിയിരിക്കുന്ന പദ്ധതികൾ ഇവയാണ്.

- വ്യക്തിഗത കുടുംബങ്ങൾക്ക് 10000 ലിറ്റർ ശേഷിയുള്ള മഴവെള്ള സംഭരണികൾ നിർമ്മിക്കുക.
- വിദ്യാലയങ്ങളിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് കൂടുതൽ ശേഷിയുള്ള മഴവെള്ള സംഭരണികൾ നിർമ്മിക്കുക.
- മേൽക്കൂരയിൽ വീഴുന്ന മഴവെള്ളം ശേഖരിച്ച് ഊറ്റ കിണറുകളിലേക്ക് റീ ചാർജ് ചെയ്ത് ഭൂഗർഭ ജലവിതാനം ഉയർത്തുക.

സംസ്ഥാന പതാകനൗക പരിപാടികളിൽ ഉൾപ്പെടുത്തി വരൾച്ചാ പ്രതിരോധ പദ്ധതിയിൻകീഴിൽ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതിയാണ് വിദ്യാലയങ്ങളിലും പൊതുസ്ഥാപനങ്ങളിലും മഴവള്ള സംഭരണികൾ നിർമ്മിക്കുകയെന്നത്. പ്രസ്തുത പദ്ധതിക്കായി 2014-15 വാർഷിക പദ്ധതിയിൽ 420 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. 2013-14-ലെ സ്റ്റേറ്റ് പ്ലാൻ പദ്ധതി വിഹിതം ഉപയോഗിച്ച് രണ്ട് ജില്ലകളിലെ (ഇടുക്കി, എറണാകുളം) നാല് ഗ്രാമപഞ്ചായത്തുകളിലായി (ഇടുക്കി-കൊക്കയാർ, കരുണാപുരം, എറണാകുളം-നായരമ്പലം, പള്ളിപ്പുറം) 1125 വ്യക്തിഗത കുടുംബങ്ങൾക്ക് മഴവെള്ള സംഭരണികൾ നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly